Advertisment
LIMA WORLD LIBRARY

കഥാകാരന്റെ കനൽവഴികൾ , അദ്ധ്യായം 1 – (ആത്മകഥ – കാരൂർ സോമൻ)

October 15, 2023

Share

കുടുംബപുരാണം

പ്രകൃതിയുടെ വരദാനമാണ് ഓണാട്ടുകര. ഓണാട്ടുകര മാവേലിക്കര-കരുനാഗപ്പള്ളി-കാർത്തികപ്പള്ളിയുടെ ഭാഗങ്ങളാണ്. അതിൽ പ്രഥമസ്ഥാനം മാവേലിക്കരയ്ക്കാണ്. കാരണമായി പറയപ്പെടുന്നത് മാവേലി മന്നൻ അവിടെ വാണിരുന്നു എന്നതാണ്. അതിന് ചരിത്ര രേഖകൾ ഇല്ല. പൂവുകൾ, കായലുകൾ, പച്ചപ്പാർന്നുകിടക്കുന്ന നെൽപ്പാടങ്ങൾ, വാഴ, തെങ്ങിൻ-കവുങ്ങിൻ തോട്ടങ്ങൾ, കുളങ്ങൾ സസ്യശ്യാമളമാണ് ഓണാട്ടുകര. വൈവിധ്യമാർന്ന ജൈവകൃഷി. മാവേലിക്കര-കൃഷ്ണപുരം രാജകൊട്ടാരങ്ങളും പുരാതന ക്ഷേത്രങ്ങളും പള്ളികളും. വിവിധ നാടൻ കെട്ടുകാഴ്ചകൾ, നാടൻ കലാരൂപങ്ങൾ ആട്ടക്കഥകൾ, തിരുവാതിര-തുള്ളൽ, വഞ്ചിപ്പാട്ടുകൾ എന്നിവയുടെ തുടക്കത്തിന് മാവേലിക്കരയുമായി ബന്ധമുണ്ടത്രെ.
സാഹിത്യ-സാംസ്കാരിക-ആത്മീയ-രാഷ്ട്രീയ രംഗത്ത് അമൂല്യങ്ങളായ സംഭാവനകൾ നല്കിയ ധാരാളം മഹാത്മാക്കളുടെ നാടാണിത്. ലോകത്ത് ആദ്യമായി സമത്വവും സാഹോദര്യവുംകൊണ്ടുവന്ന ആദ്യത്തെ വിപ്ലവചക്രവർത്തിയായിരുന്ന മാവേലിയുടെ നാട്ടിൽ ജന്മി-കുടിയാൻ അയിത്തവും അടിമത്വവും എങ്ങനെയുണ്ടായി എന്നുചോദിക്കരുത്. ഈ ദേശത്തിന് കാർഷിക സമൃദ്ധി ഉണ്ടാക്കിക്കൊടുത്തത് ഇവിടുത്തെ കുടിയാന്മാരാണ്. ജന്മിമാരുടെ നെല്ലറ നിറയ്ക്കാൻവേണ്ടി മാത്രം കണ്ണീരൊപ്പി-വിയർപ്പൊഴുക്കി അടിമകളെപ്പോലെ ജീവിച്ചവർ. ഓണാട്ടുകരയുടെ കാർഷികസമൃദ്ധി, മത്സ്യസമ്പത്ത് വളരെ പ്രധാനപ്പെട്ടതാണ്. ഓണാട്ടുകരയുടെ തലസ്ഥാനം കായംകുളമായിരുന്നു. കൃഷ്ണപുരം കൊട്ടാരം ഇന്നൊരു ചരിത്രസ്മാരകമാണ്. ഇതിനടുത്താണ് വാരണപ്പള്ളി. നാരായണഗുരുദേവന്റെ പാദസ്പർശമേറ്റ മണ്ണാണിത്. ഗുരുദേവന്റെ ബാല്യകാലം മൂന്നു വർഷത്തിലധികം വാരണപ്പള്ളി തറവാട്ടിലായിരുന്നു. അടിച്ചമർത്തപ്പെട്ടവന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടിയാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം നടത്തിയ കണ്ണാടി പ്രതിഷ്ഠ അതിനുദാഹരണമാണ്. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി; ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്."
മാവേലിക്കര താലൂക്കിലെ ഗ്രാമീണസുന്ദരമായ താമരക്കുളം-ചാരുംമൂട്ടിൽ ജനിച്ചത് എന്റെ ഭാഗ്യമായി. താമരക്കുളം-ചാരുംമൂട്ടിലെ അതിപുരാതന തറവാടാണ് കാരൂർ. അവിടുത്തെ ഗീവർഗീസ് വാദ്ധ്യാർ സംസ്കൃതത്തിലും മലയാളത്തിലും അറിവുള്ളവനായിരുന്നു. ഒരു ആശാൻകളരിയുമുണ്ടായിരുന്നു. ധാരാളം കുട്ടികളെ ആദ്യാക്ഷരങ്ങൾ ഓലയിലും മണലിലും എഴുതി പഠിപ്പിച്ചിട്ടുണ്ട്. ഈ ദേശങ്ങളിലെ ഈഴവർ, പറയർ, പുലയർ, കുറവർ തുടങ്ങിയവർക്കു റോഡുകളിലൂടെ സഞ്ചരിക്കാൻ അവകാശമില്ലായിരുന്നു. രാത്രികാലങ്ങളിൽ മൂന്നുംനാലും പേരടങ്ങുന്ന സംഘങ്ങളായിട്ടാണ് ഓലകെട്ടിയുള്ള ചൂട്ടും തെളിച്ച് അവർ നടന്നിരുന്നത് ജന്മിമാരിൽ നിന്ന് രക്ഷപ്പെടുന്നതിനായി ചത്തിയറ, വള്ളികുന്നം നൂറനാട് ഭാഗങ്ങളിൽ നിന്ന് കുറ്റാകുറ്റിരുട്ടിൽ ഒളിഞ്ഞും മറഞ്ഞും അവർ കാരൂർ തറവാട്ടിൽ സങ്കടം പറയാൻ വരുമായിരുന്നു. അവരിൽ പലരും ഒളിവിൽ കഴിഞ്ഞതും ഇവിടുത്തെ ജോലിക്കാരായി മാറിയതും ചരിത്രം. ജന്മിമാരുടെ കുട്ടികളെ പഠിപ്പിക്കുന്നത് അക്ഷരപ്പുരയിലും അധഃകൃതരുടെ കുട്ടികളെ പുറത്തുള്ള മരച്ചുവട്ടിലെ മണ്ണിലുമാണ്. അതിൽ ജന്മിമാർക്ക് വളരെ എതിർപ്പായിരുന്നു. അക്ഷരങ്ങൾ അവർണർ ഉച്ചത്തിൽ പറയാൻ പാടില്ലായിരുന്നു. സ്ത്രീകളുടെ മുലയ്ക്കും പുരുഷന്മാരുടെതലയ്ക്കും നികുതി ഏർപ്പെടുത്തുന്നവർക്ക് പാവങ്ങൾ എന്തുചെയ്താലും കുറ്റം മാത്രമേ കണ്ടെത്താൻ കഴിയുമായിരുന്നുള്ളൂ. അതിനാൽ അവരോട് പറയും നിങ്ങളുടെ പരാതി നാടുവാഴികളെ അറിയിക്കുക. ഞാനപ്പോൾ ഉത്തരം കൊടുത്തുകൊള്ളാം.
വാദ്ധ്യാർക്ക് മാവേലിക്കര രാജകുടുംബവുമായി നല്ല ബന്ധമുള്ളത് നാട്ടുകാർക്കറിയാം. അവിടുത്തെ സംഗീതസദസ്സിലും പാണ്ഡിത സദസ്സിലും വാദ്ധ്യാർക്കും ക്ഷണമുണ്ടായിരുന്നു. രാത്രികാലങ്ങളിൽ ലഭിക്കുന്ന പരാതികളുമായി ഉച്ച കഴിഞ്ഞ് നാടുവാഴികളെ വാദ്ധ്യാർ സമീപിച്ചിട്ട് പറയും "സത്യം ധർമ്മേ പ്രതിഷ്ഠിതം" അതാണ് ഹിന്ദുവിന്റെ അടിസ്ഥാന വിശ്വാസം. ഹിന്ദുക്കൾ ധർമ്മത്തിന് കൂട്ടുനില്ക്കുന്നവരാണ് അധർമ്മത്തിനല്ല. ശാന്തിയുടെ ദൂതനായിട്ടാണ് വാദ്ധ്യാരെ എല്ലാവരും കണ്ടിരുന്നത്. മനുഷ്യർ ജന്മംകൊണ്ട് ഓരോ ജാതിയായി മാറിയാലും മനുഷ്യർക്ക് അക്ഷരജ്ഞാനം നിക്ഷേധിക്കുന്നതിൽ വാദ്ധ്യാർക്കുള്ള ആശങ്ക ധാരാളമായിരുന്നു. സമ്പന്നമായ കാർഷിക പാരമ്പര്യമാണ് ഇവിടുത്തെ നായർ ജന്മിമാർക്കുള്ളത്. അതിൽ പിള്ളമാരും കുറുപ്പന്മാരും പണിക്കരുമുണ്ട്. അവർണരായിരുന്നു ജന്മിമാരുടെ പാടശേഖരങ്ങളിലും മറ്റും കൃഷി നടത്തിയിരുന്നത്. നായർ ജന്മിമാർക്കുള്ളതുപോലെ കാരൂർ തറവാടിനും കരിമുളയ്ക്കൽ, പറയംകുളം, താമരക്കുളം ഭാഗങ്ങളിൽ ധാരാളം ഭൂപ്രദേശങ്ങളും പാടശേഖരങ്ങളുമുണ്ടായിരുന്നു. നായർ ജന്മിമാരുടെ പോലുള്ള തേക്കിലും ഈട്ടിയിലുമുള്ള അറയും പുരയും ഉള്ള വീട്. എണ്ണ ആട്ടിയെടുക്കാനുള്ള ചക്ക്, കാളവണ്ടി ഇതെല്ലാമായിരുന്നു അന്നത്തെ ഉന്നതരുടെ അടയാളങ്ങൾ. അതിനാൽ തന്നെ അവരുടെ പൂർവ്വികർ നായന്മാരായിരുന്നുവെന്നും അവരിൽ നിന്ന് ക്രിസ്ത്യാനികളായി എന്നും അതല്ല സവർണ്ണരിൽ നിന്ന് മോചനം ലഭിക്കാനായി ഈഴവ സമുദായത്തിൽ നിന്ന് ക്രിസ്ത്യാനികൾ ആയിയെന്നും രണ്ടുപക്ഷമുണ്ട്.
വാദ്ധ്യാർക്ക് രണ്ട് ആൺമക്കളായിരുന്നു. പെൺമക്കളെപ്പറ്റി നല്ല അറിവില്ല. വാദ്ധ്യാരുടെ ഭാര്യ പള്ളിയമ്പിൽ കുടുംബാംഗമായിരുന്നു. ആൺമക്കളിൽ മൂത്തവനായിരുന്നു കാരൂർ കൊച്ചുകുഞ്ഞ്. ചെറുപ്പം മുതൽക്കേ സവർണർക്കെതിരെ അമർഷവുമായിട്ടാണ് കൊച്ചുകുഞ്ഞ് വളർന്നത്. ഇരുനിറം; അരോഗദൃഢഗാത്രനുമായിരുന്നു. ഇദ്ദേഹത്തിന്റെ കൈകൾക്ക് സാധാരണയിൽ കൂടുതൽ നീളമുണ്ടായിരുന്നു. ആരെയും കൂസാത്ത പ്രകൃതം. അനുജൻ ഉണ്ണൂണ്ണിയാകട്ടെ കാണാൻ സുന്ദരൻ. സായിപ്പിന്റെ നിറം. ശരീരം മുഴുവൻ രോമം. ശാന്തശീലൻ. കൊച്ചുകുഞ്ഞിനെ രണ്ടാം ക്ലാസ്സുവരെ പിതാവ് പഠിപ്പിച്ചു. യൗവനത്തിലെത്തിയപ്പോൾ മാവേലിക്കര രാജഭടനായി ജോലി കിട്ടി. നാട്ടിലെ ജന്മിമാരുടെ മക്കളുമായി അടിപിടി നടത്തി ഒരു ചട്ടമ്പിയെന്നുള്ള പേര് സമ്പാദിച്ചിരുന്നു. സൈന്യത്തിലെ ജോലി അധികകാലം നീണ്ടുനിന്നില്ല. ഒരു ഉന്നത ഉദ്യോഗസ്ഥൻ ആരെയോ ജാതി വിളിച്ച് ആക്ഷേപിച്ചതിനെ ചോദ്യം ചെയ്യുകയും അയാളെ തല്ലി അവശനാക്കുകയും ചെയ്തു. തുടർന്ന് സൈനിക മേധാവി ജോലിയിൽ നിന്നു പുറത്താക്കി. വാദ്ധ്യാരുടെ ഇടപെടൽ മൂലം ജയിൽവാസം ഒഴിവായി. പിതാവിന് മകൻ ഒരു തലവേദനയായി മാറിക്കൊണ്ടിരുന്നു. മകൻ ഒരു ക്രൂരനായി ജീവിക്കുന്നതിൽ പിതാവിന് സങ്കടമുണ്ടായിരുന്നു. 1867-ൽ സവർണരെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് അയ്യൻകാളി വില്ലുവണ്ടിയിൽ സഞ്ചരിച്ചതും ഗുരുദേവൻ ദേവാലയങ്ങൾ വിദ്യാലയങ്ങൾ ആക്കണമെന്ന് അറിയിച്ചതുമൊക്കെ ഓണാട്ടുകരക്കാർക്ക് ആശ്വാസമായി. പ്രായാധിക്യത്തിലായിരുന്ന വാദ്ധ്യാരും ഏറെ സന്തോഷിച്ചു. കാരൂർ കൊച്ചുകുഞ്ഞ് എന്ന എന്റെ വല്യച്ചനെപ്പറ്റി ഞാനൊരു ചെറു നോവൽ എഴുതിയിട്ടുണ്ട്. കൊച്ചുകുഞ്ഞിന് പത്തോ പന്ത്രണ്ടോ വയസുള്ളപ്പോൾ വീടിന് മുന്നിലെ റോഡരികിൽ കാള ചക്ക് ആട്ടിക്കൊണ്ടിരുന്നു. തേങ്ങയും എള്ളുമാണതിൽ ആട്ടുന്നത്. പടിഞ്ഞാറെ പാടത്ത് എല്ലാവരും മകരകൊയ്ത്തിന് പോയിരുന്നു. മകരക്കൊയ്ത്ത് ഉത്സവം പോലെയാണ്. വീട്ടിലെ ജോലിക്ക് വന്ന ഏതോ സ്ത്രീയോട് തേങ്ങ ആട്ടാൻ പറഞ്ഞിട്ടാണ് പോയത്. ആ സ്ത്രീ തേങ്ങ ചക്കിൽ ആട്ടിക്കൊണ്ടിരിക്കുമ്പോൾ കൊച്ചുകുഞ്ഞും കൂട്ടുകാരൻ ചാത്തനും അവിടേക്ക് വന്നു. ചക്ക് ആട്ടിക്കൊണ്ടിരുന്ന സ്ത്രീയോട് പറഞ്ഞു "ഞങ്ങൾ ആട്ടാം" കാളയുടെ കയർ കൊടുത്തിട്ട് ആ സ്ത്രീ കുടുംബത്തേക്ക് പോയി. ഇതിനിടയിൽ ചാത്തനും കൊച്ചുകുഞ്ഞും പിണ്ണാക്ക് എടുത്തു തിന്നു. കുഞ്ഞ് കാളയുടെ പുറത്തു കയറിയിരുന്നത് കാളയ്ക്ക് തീരെ പിടിച്ചില്ല. കാള കൊമ്പിട്ട് ഇളക്കുന്നത് കണ്ട് അവൻ പുറത്തേക്ക് ചാടി. അവിടെ കിടന്ന വടി എടുത്ത് ഒരടിയും കൊടുത്തു. അപ്പോഴാണ് സ്ഥലത്തെ പ്രമാണിയായ ശങ്കരപ്പിള്ള അവിടേക്ക് വന്നത്. അയാളുടെ തേങ്ങയാണ് ആട്ടുന്നത്. അയാൾ കണ്ട കാഴ്ച ചാത്തൻ പിണ്ണാക്ക് തിന്നുന്നതാണ്. പുലയച്ചെറുക്കൻ പിണ്ണാക്ക് അശുദ്ധമാക്കിയല്ലോ എന്ന് പറഞ്ഞ് അവനെ അടിച്ചു. അവൻ പേടിച്ച് കരഞ്ഞു. അത് കണ്ട കൊച്ചുകുഞ്ഞ് കാളയെ അടിക്കുന്ന വടിയെടുത്ത് പിള്ളയുടെ പുറത്തിനിട്ട് നല്ല പെട കൊടുത്തു. അവൻ പുറത്തേക്ക് ഓടി. ചാത്തൻ ഈറൻ കണ്ണുകളോടെ അത് നോക്കി നിന്നു. വിളറിവെളുത്ത മുഖവുമായി പിള്ള നടന്നകന്നു. മറ്റൊരു സംഭവം. പറയംകുളം പറയന്മാരുമായുള്ള ഏറ്റുമുട്ടലാണ്. ചാരുംമൂട്-നൂറനാട്-താമരക്കുളം-ചുനക്കരയുടെ നല്ലൊരുഭാഗം അവരുടെ അധീനതയിലായിരുന്നു. കിഴക്കോട്ടുള്ള പറയംകുളം അടൂർ, പുനലൂർ റോഡരികിലാണ് അവരുടെ പ്രധാന താവളം. മാവേലിക്കര പ്രദേശങ്ങളിൽ കഴുകനെ കാണുന്നത് ഇവിടെ മാത്രമാണ്. വൻജന്മിമാരുടെ കാളയെയോ പശുവിനെയോ പറമ്പിൽ കണ്ടാൽപോലും അവർ അഴിച്ചുകൊണ്ടുപോകും. അജാനുബാഹുക്കളായ അവരെ നാട്ടുകാർക്ക് ഭയമായിരുന്നു. കൊല്ലാനും തിന്നാനും മടിയില്ലാത്തവർ. അതുവഴി പോകുന്നവർ കരം കൊടുക്കണമായിരുന്നു. മാവേലിക്കര, കായംകുളം രാജകുടുംബാംഗങ്ങളും കണ്ണടച്ചു. ഇവർ ബ്രിട്ടീഷുകാർക്ക് ഒപ്പം ചേരുമോ അതായിരുന്നു അവരുടെ ഭയം. അതുവഴി വന്ന കടമറ്റത്തച്ചനെയും കരം കൊടുക്കാതെ വിട്ടില്ല. അച്ചൻ എന്തോ മന്ത്രം നടത്തി രക്ഷപെട്ടുവെന്നാണ് നാട്ടുകാർ പറയുന്നത്. പറയംകുളത്തിന് തെക്കുഭാഗത്തായി കാരൂരുകാർക്ക് കൃഷിത്തോട്ടങ്ങളുണ്ടായിരുന്നു. കൃഷിയിടങ്ങളിൽ നിന്ന് വാഴക്കുല, കപ്പ, ചേന തുടങ്ങിവ മോഷണം പോകുക പതിവായിരുന്നു. ഇത് മനസ്സിലാക്കിയ കൊച്ചുകുഞ്ഞ് ധൈര്യശാലികളായ ഏതാനും ഈഴവരെ അവിടെ രാത്രികാലങ്ങളിൽ കാവലിരുത്തി. ഒരു ദിവസം അതു സംഭവിച്ചു. രണ്ട് പറയന്മാർ മോഷണത്തിനായിട്ടെത്തി. ഒരുത്തനെ പിടിച്ചുകെട്ടി മറ്റെ ആൾ ഓടി രക്ഷപ്പെട്ടു. അതിൽ ഒരാൾ പടിഞ്ഞാറേ പാടങ്ങൾ കടന്ന് കാരൂർ തറവാട്ടിലെത്തി കൊച്ചുകുഞ്ഞിനെ വിവരമറിയിച്ചു. കാളവണ്ടിക്കാരൻ രാമനെ വിളിച്ചുണർത്തി അവർക്കൊപ്പം വിട്ടു.
നേരം പുലരുന്നതിന് മുമ്പുതന്നെ പറയനെ അതിനുള്ളിലാക്കി തറവാട്ട് മുറ്റത്ത് എത്തിച്ചു. കാളവണ്ടിയിൽ നിന്ന് പുറത്തെത്തിച്ചിട്ട് കെട്ടുകൾ അഴിച്ചുവിട്ടു. ഉടനടി അയാൾ അടുത്തു നിന്നവരെ തല്ലാനാരംഭിച്ചു. അതു കണ്ട് ക്ഷുഭിതനായ കൊച്ചുകുഞ്ഞ് ഓടിച്ചെന്ന് അയാളെപൊതിരെ തല്ലി. അല്പസമയത്തിനുള്ളിൽ പറയന്മാർ വടിയും വാളും വെട്ടുകത്തിയുമായി കാരൂർ തറവാട്ടിലേക്ക് വരുന്നതായി വിവരം ലഭിച്ചു. നാട്ടുകാർ രക്തപ്പുഴ ഒഴുകുമല്ലോ എന്നോർത്ത് ഭയപ്പെട്ടു. കുറ്റിവിള ഉണ്ണുണ്ണി വെട്ടിക്കോട് കാട്ടുകളിയ്കതിൽ കൊച്ചുകുഞ്ഞിന്റ ഭാര്യ അദ്ദേഹത്തിന്റെ അർദ്ധസഹോദരിയാണ്. കരിമുളക്കലെ കാരൂർക്കാരും, ഇട്ടനാം പറമ്പിൽ പനയ്ക്കൽ, തരകന്മാർ, കാരൂർ കിഴക്കേതിൽ, കൊപ്പാറ വടക്കേടത്ത്, കുറ്റിയിൽ തുടങ്ങിയിടങ്ങളിലെ കാരൂർകാരുടെ ബന്ധുമിത്രാദികളും കയ്യിൽ കിട്ടിയ ആയുധങ്ങളുമായി അവിടേക്ക് ചെന്നുകൊണ്ടിരുന്നു. വന്നവരൊക്കെ തെങ്ങിൽ കെട്ടി ഇട്ടിരിക്കുന്ന ആജാനുബാഹുവായ പറയനെ തുറിച്ചുനോക്കി. ബന്ധുമിത്രാദികൾ റോഡിന്റെ പലഭാഗത്തായി നിലയുറപ്പിച്ചു. തരകന്മാരിലൊരാൾ തേങ്ങ പൊതിച്ചെടുക്കുന്ന ഇരുമ്പുപാര പിടിച്ചുനിന്നു. ചിലർ വെട്ടുകത്തി സ്വന്തമാക്കി.
കൂട്ടമായിട്ടെത്തിയ പറയന്മാർ തറവാടിന്റെ മുന്നിലെ റോഡിലെത്തുമ്പോൾ കയ്യിൽ വാളുമായി നില്ക്കുന്ന കൊച്ചുകുഞ്ഞിനെയാണ് കാണുന്നത്. ആ വാൾ സൈന്യത്തിൽ നിന്ന് ലഭിച്ചതാണ്. സ്വയം രക്ഷയ്ക്കാണ് അന്നു ഭടന്മാർക്കു വാൾ നല്കിയിരുന്നത്. ഇദ്ദേഹം അത് മടക്കിക്കൊടുത്തില്ല. കയ്യിലിരുന്ന വാൾ താഴെ ഇട്ടിട്ട് കൊച്ചുകുഞ്ഞ് വെല്ലുവിളിച്ചു. "ആരാടാ നിന്റെ നേതാവ്, മുന്നോട്ട് വാ, നീയൊന്നും വന്നതുപോലെ തിരിച്ചുപോവില്ല"ചില ബന്ധുക്കൾ മുന്നോട്ടാഞ്ഞപ്പോൾ കൊച്ചുകുഞ്ഞ് പറഞ്ഞു "വേണ്ട നിങ്ങൾ ആരും ഇതിൽ ഇടപെടേണ്ട. ഇത് ഞാൻ തീർത്തുകൊള്ളാം" മുന്നോട്ടുവന്നവർ പിന്നോട്ട് പോയി. കൂട്ടമായി വന്ന പറയന്മാർ വാൾമുനയുടെ മുന്നിലെത്തി. അപ്പോഴാണ് മനസ്സിലായത്. ജീവൻ വേണമെങ്കിൽ സ്വന്തം പാളയത്തിലേക്ക് മടങ്ങിപ്പോകുന്നതാണ് നല്ലതെന്ന്. അവർ പിറുപിറുത്തു. ഇവർക്ക് ഇത്ര ആൾബലം ഉണ്ടെന്ന് കരുതിയില്ല. കാരൂർ കൊച്ചുകുഞ്ഞിനെക്കുറിച്ചു കേട്ടിട്ടുണ്ടെങ്കിലും തങ്ങളെക്കാൾ ഭീകരനെന്ന് കരുതിയില്ല. കൂടെ വന്നവരിൽ പലർക്കും മടങ്ങിപ്പോയാൽ മതിയെന്നായി.
പിടിച്ചുകൊണ്ടുപോയവനെ മടക്കിക്കിട്ടണം. അവരിലെ മുഖ്യൻ കയ്യിലിരുന്ന ആയുധം താഴെ വച്ചിട്ട് കുഞ്ഞിനെ നോക്കി പറഞ്ഞു "തെറ്റ് പറ്റിപ്പോയി, പൊറുക്കണം. ഇനിയും ഞങ്ങൾ നോക്കിക്കൊള്ളാം" കുഞ്ഞ് മറുപടിയായി പറഞ്ഞു "നിങ്ങൾക്ക് എന്തെങ്കിലും വേണമെങ്കിൽ എന്നോട് ചോദിക്കാം, എന്റെ തോട്ടത്തിൽ അതിക്രമിച്ചു കടന്നാൽ; അവിടെ നിങ്ങൾക്ക് തെറ്റി. നിങ്ങളുടെ നാട്ടുഭരണത്തിൽ കാരൂർക്കാർ വരില്ല. ഇതോർമ്മയിരിക്കട്ടെ" ഒരു ചോരപ്പുഴ ഒഴിവായതിൽ വന്നവർക്കെല്ലാം ആശ്വാസമായി. കെട്ടിയിട്ടവനെ അഴിച്ചുവിടാൻ അറിയിച്ചിട്ട് കൊച്ചുകുഞ്ഞ് അകത്തേക്ക് പോയി. ചാരുംമൂട്ടിൽ നിന്നു കള്ളു കുടിച്ചിട്ട് തെക്കോട്ട് കാരൂർ വീടിന്റെ മുന്നിലെ റോഡിലൂടെ ഒരു ജന്മിയും നടക്കില്ലായിരുന്നു. അവരൊക്കെ കള്ളുകുടിച്ചിട്ട് പോകുന്നത് കിഴക്കേ താമരക്കുളം റോഡിലൂടെയായിരുന്നു. തെക്കോട്ടുള്ള ചെറിയ വഴി കാളവണ്ടിക്ക് പോകാൻ വീതികൂട്ടിയെടുപ്പിച്ചതും കാരൂർകൊച്ചുകുഞ്ഞായിരുന്നു. ഈ സംഭവ വികാസങ്ങൾ പലരിൽ നിന്നും കേട്ടെങ്കിലും എന്റ അമ്മയും പിച്ചിനാട്ടു കേശവകുറുപ്പും പറഞ്ഞപ്പോഴാണ് എനിക്ക് വിശ്വാസമയത്. ഇവിടുത്തെ മിക്ക വസ്തുക്കളും കേശവകുറുപ്പിന്റ മുത്തച്ഛന്മാരുടേതാണ്.

പുതിയൊരു വീടുയർന്നപ്പോൾ കുടുംബത്തിൽ നിന്ന് മൂത്തപുത്രൻ താമസം മാറി. കാരൂർ തറവാട് ഇളയവനായ കൊച്ചുണ്ണിക്കായി. കാരൂർ കൊച്ചുകുഞ്ഞ് പലഭാഗത്തുമുള്ള വസ്തുക്കൾ വിറ്റത് കോടതിക്കും കേസ്സിനുമാണ്. അതിനിടയിൽ 1952ൽ കറ്റാനം ബഥനി ആശ്രമത്തിൽ നിന്ന് ഒരു വൈദികൻ കുഞ്ഞിനെ കാണാനെത്തി. ഒപ്പം ഒരു പള്ളിപ്രമാണിയുമാണ്ടായിരുന്നു. അവർ വന്നത് ഒരു ദേവാലയം പണിയാനുള്ള സ്ഥലം ആവശ്യപ്പെട്ടാണ്. ചാരുംമൂടിന് തെക്കുഭാഗത്തുള്ള ഹിന്ദുപ്രമാണിമാർ ആരും വസ്തു നല്കില്ലെന്ന് തുറന്നുപറഞ്ഞു. ഒരു ക്രിസ്തീയ ദേവാലയത്തിൽ അവർക്ക് താല്പര്യം ഇല്ല. കുടുംബം അനുജന്റെ പേരിലാണ്. കൊച്ചുകുഞ്ഞ് അനുജനോട് പറഞ്ഞാൽ കാര്യമുണ്ടാകുമെന്ന് അവർക്കറിയാം. ഇതിനകം ഉണ്ണുണ്ണി അറയും പറയുമൊക്കെ വിറ്റിരുന്നു. മാത്രമല്ല തെക്കുഭാഗത്തുള്ള സെന്റ് തോമസ് മാർത്തോമ്മ പള്ളിയുണ്ടാക്കുന്നതിൽ കൊച്ചുകുഞ്ഞ് വഹിച്ച പങ്ക് അവർ കേട്ടിരുന്നു. പള്ളിക്ക് വാനമെടുത്ത് കഴിഞ്ഞ പ്പോൾ പള്ളിയുടെ തടിക്കുരിശും മറ്റ് പണിസാധനങ്ങളും ഗുരുനാഥൻ കുളങ്ങര കുളത്തിൽ പൊങ്ങികിടക്കുന്നതാണ് രാവിലെ നാട്ടുകാർ കാണുന്നത്.ആ പള്ളി മുകളിലേക്കുയർത്തിയത് കൊച്ചുകുഞ്ഞ് രാത്രി കാവൽക്കാരെ നിയോഗിച്ചാണ്. തരകന്മാരും സഹായത്തിനുണ്ടായിരുന്നു. പള്ളി സ്ഥലത്തിന് മാവേലിക്കര രാജധാനിയിൽ നിന്ന് അധികാരം വാങ്ങിച്ചത് തെങ്ങിൻതറക്കാരാണ്. കാരൂർ കൊച്ചുകുഞ്ഞ് പള്ളിയിൽ അധികം പോകാറില്ലെങ്കിലും ഈശ്വരഭക്തി നല്ലതെന്ന അഭിപ്രായക്കാരനാണ്. പള്ളി പണിയുന്നതിനുള്ള എതിർപ്പ് കുഞ്ഞ് കാര്യമാക്കിയില്ല. അവിടെയുള്ള ഒരു ജോലിക്കാരനെ കാരൂർ ഉണ്ണുണ്ണിയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞുവിട്ടു. അനുജന് ജ്യേഷ്ഠനോടെന്നും ബഹുമാനമായിരുന്നു. ജോലിക്കാരനൊപ്പം വേഗമെത്തി. മടക്കി കുത്തിയിരുന്ന മുണ്ട് അഴിച്ചിട്ടു. ഇരിക്കാൻ പറഞ്ഞെങ്കിലും ഇരുന്നില്ല. നിർബന്ധപൂർവ്വം കസേരയിലിരുത്തി വന്നവരുടെ ഉദ്ദേശം ഉണ്ണൂണ്ണിയോട് പറഞ്ഞു. കുഞ്ഞ് മൂത്തമകൾ വിവാഹപ്രായം ആയി നില്ക്കുന്നത് മുന്നോട്ടു വച്ചു. നീ അമ്പത് സെന്റ് പള്ളിക്ക് കൊടുക്ക്. എന്നിട്ട് ശോശയെ കെട്ടിച്ചുവിട്. അവിടെ വച്ച് വില നിശ്ചയിച്ച് ഒരണ മുൻകൂറായി വാങ്ങി.
1954ൽ കാരൂർ തറവാട് നിന്ന സ്ഥലത്ത് സെന്റ് മേരീസ് മലങ്കര പള്ളി ഉയർന്നു. കാലംചെയ്ത ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയസാണ് ദേവാലയത്തിന്റെ കൂദാശ നിർവഹിച്ചത്. മൂത്തമകൾ ശോശമ്മയെ ആ പണം കൊടുത്ത് കൊപ്പാറവടക്ക് ഡാനിയലിനെകൊണ്ട് വിവാഹം കഴിപ്പിച്ചു. അതിന്റെ തെക്കുഭാഗത്തുള്ള വസ്തുക്കൾ ഇളയ മകൾ അന്നമ്മയ്ക്ക് ഉണ്ണൂണ്ണി കൊടുത്തു. 1977ൽ ആ വസ്തുവും കാരൂർ അന്നമ്മ പള്ളിക്ക് കൊടുത്തിട്ട് മാവേലിക്കര കല്ലുമലയ്ക്ക് പോയി. ഇന്നും നാട്ടുകാർ വിളിക്കുന്നത് കാരൂർ പള്ളിയെന്നാണ്. പഴയ പള്ളി പൊളിച്ച് വളരെ മനോഹരമായിട്ടാണ് പുതിയ പള്ളി തീർത്തിരിക്കുന്നത്.

About The Author

LIMA

See author's posts

Previous article

Next article

LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

NEWSEWS

വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് (മണിയ)
December 19, 2023

MALABAR AFLAME : Lesson 15 – (Karoor Soman)
December 19, 2023

കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – (ആത്മകഥ – കാരൂർ സോമൻ)
December 19, 2023

കാലിന്റെ ഇടയിൽ കയറുന്ന ഭൂതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന)
December 19, 2023

കണ്ണിന് കളിരായി (ഫ്രാൻസ്) – കാരൂർ സോമൻ
December 19, 2023

Search

HOT NEWS

LITERATURE

COVID CASES
All countries
700,027,506
Total confirmed cases

LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respective owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

FOLLOW US